# വ്യാവസായിക പരിശീലന വകുപ്പ്
**(കേരള സംസ്ഥാനം)**

തൈക്കാട്, തിരുവനന്തപുരം.

**ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം**
**(നിലവിൽ: കെ.ബിജു ഐ.എ.എസ്)**

**വിഷയം:-** വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം- നിർത്തലാക്കപ്പെട്ട എം.എം സെൽ/ഇ.എം.ഡബ്ളിയൂ ട്രേഡുകളിലെ സീനിയർ ഇൻസ്ട്രക്ടർമാരെ പുനർ വിന്യസിപ്പിക്കുന്നത് -സംബന്ധിച്ച് ;

പരാമർശം:- (1) ജി.ഒ.ആർ.ടി.നം.1194/2011 ലേബർ തീയതി 12/8/2011 പ്രകാരമുള്ള സർക്കാർ ഉത്തരവ്

*****************

**ഉത്തരവ് നമ്പർ: എ2/27205/11 . തീയതി: 31/1/2012**

മേൽ സൂചന സർക്കാർ ഉത്തരവുപ്രകാരം, വ്യാവസായിക പരിശീലന വകുപ്പിലെ അഞ്ചു ഗവ. ഐ.ടി.ഐ.കളെ അഭ്യന്തര ധനസഹായത്തോടുകൂടി മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തിയിരുന്നു. വിവിധ സെക്ടറുകളിൽ ട്രേഡുകളും തസ്തികകളും അനുവദിച്ചിരുന്നുവെങ്കിലും മതിയായ തസ്തികകളുടെ അഭാവംമൂലം പല ട്രേഡുകൾക്കും അഫിലിയേഷൻ ലഭിച്ചിരുന്നില്ല. ഇക്കാര്യം സർക്കാരിനെ ബോധ്യപ്പെടുത്തുകയും ആവശ്യമായ അധിക തസ്തികകൾ അനുവദിക്കാൻ ശുപാർശ നൽകുകയുമുണ്ടായി. എന്നാൽ ഈ വകുപ്പിലെ മെഷീൻ മെയിന്റനൻസ് സെല്ല്(M.M.Cell), എക്യൂപ്മെന്റ് മെയിന്റനൻസ് വിംഗ് (E.M.W)എന്നീ വിഭാഗങ്ങളിൽ നിന്ന് 17 ഇൻസ്ട്രക്ടർ തസ്തികകൾ ഈ പദ്ധതിയിലേയ്ക്ക് സർക്കാർ പരാമർശം ഒന്ന് ഉത്തരവുപ്രകാരം പുനർവിന്യസിച്ച്കൊണ്ട് ഉത്തരവ് നൽകുകയായിരുന്നു.

ഈ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ വരുന്ന ഐ.ടി.ഐ.കളിൽ താഴെപ്പറയുന്ന ട്രെയിഡുകളിലേയ്ക്ക് മുകളിൽപ്പറഞ്ഞിട്ടുള്ള 17 തസ്തികകൾ നിർണ്ണയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| *ഐ.ടി.ഐ* | *ട്രെയിഡ്* | *ഇൻസ്ട്രക്ടർമാരുടെ തസ്തികകളുടെ എണ്ണം* |
|---|---|---|
| ചാക്ക ഐ.ടി.ഐ | *1) സർവ്വീസിംഗ് ആന്റ് ഓവർ ഹോളിംഗ് (ഡീസൽ),* | *1 തസ്തിക* |
| | *(2) ആട്ടോ ഇലക്ട്രിക്കൽ ഇലക്ട്രോണിക്സ് ആന്റ് എയർകണ്ടീഷനിംഗ് ഇൻ ആട്ടോമൊബൈൽസ്,* | *1 തസ്തിക* |
| | *(3) ഓവർഹോളിംഗ് ഓഫ് ഫ്യൂവൽ ഇൻജക്ഷൻ സിസ്റ്റം ആന്റ് സ്റ്റീയറിംഗ് മെക്കാനിസം* | *1 തസ്തിക* |
| | *(4)എ.സി.ഡി* | *1 തസ്തിക* |
| ചന്ദനത്തോപ്പ് ഐ.ടി.ഐ | *(1)ആട്ടോ ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് & എയർകണ്ടീഷനിംഗ് ഇൻ ആട്ടോമൊബൈൽസ്,* | *1 തസ്തിക* |
| | *(2) സർവ്വീസിംഗ് ആന്റ് ഓവർ ഹോളിംഗ് (പെട്രോൾ),* | *1 തസ്തിക* |
| | *(3) എ.സി.ഡി* | *1 തസ്തിക* |

| | | |
|---|---|---|
| ഏറ്റുമാനൂർ ഐ.ടി.ഐ | (1) സി.എൻ.സി. മെഷീനിംഗ്, | 1 തസ്തിക |
| | (2) അഡ്വാൻസ് വെൽഡിംഗ് | 1 തസ്തിക |
| | (3) എ.സി.ഡി | 1 തസ്തിക |
| ചാലക്കുടി ഐ.ടി.ഐ | (1) അഡ്വാൻസ്ഡ് വെൽഡിംഗ് | 1 തസ്തിക |
| | (2) എ.സി.ഡി | 1 തസ്തിക |
| | (3) പി.എൻ.സി ആട്ടോമേഷൻ | 2 തസ്തികകൾ |
| കളമശ്ശേരി ഐ.ടി.ഐ | (1) സർവ്വീസിംഗ് ആന്റ് ഓവർഹോളിംഗ് ഓഫ് ഓട്ടോമൊബൈൽസ് (പെട്രോൾ), | 1 തസ്തിക |
| | (2) സർവ്വീസിംഗ് ആന്റ് ഓവർഹോളിംഗ് ഓഫ് ഓട്ടോമൊബൈൽസ് (ഡീസൽ) | 1 തസ്തിക |
| | (3)ആട്ടോ ഇലക്ട്രിക്കൽ, ഓട്ടോ ഇലക്ട്രോണിക്സ് ആന്റ് എയർകണ്ടീഷനിംഗ് ഇൻ ഓട്ടോമൊബൈൽസ് | 1 തസ്തിക |
| | ആകെ | 17 തസ്തിക |

നിലവിലുള്ള സി.ഒ.ഇ ട്രേഡുകളിൽ ഇൻസ്ട്രക്ടർമാരുടെ നിയമനം, സ്പെഷ്യൽ റൂൾ ഭേദഗതി ലഭിക്കാത്തതിനാൽ, ഒഴിഞ്ഞുകിടക്കുന്നതിനാലും ട്രേഡുകൾക്ക് അഫിലിയേഷൻ ലഭിക്കാത്തതിനാലും സർക്കാർ എം.എം.സെല്ലിൽ തുടരുന്ന യോഗ്യരായ ഇൻസ്ട്രക്ടർമാരെ പുനർവിന്യസിച്ച് സെന്റർ ഓഫ് എക്സലൻസ് സെക്ടറുകളിൽ നിയമിക്കാൻ ഉത്തരവായിരുന്നു. ആയതുപ്രകാരം മെക്കാനിക്ക് മെയിന്റനൻസ് സെല്ലിൽ സേവനത്തിലുണ്ടായിരുന്ന ഇൻസ്ട്രക്ടർമാരെ താഴെപ്പറയുന്ന ഐ.ടി.ഐ.കളിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് മാറ്റി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

മേൽപ്പറഞ്ഞ മെയിന്റനൻസ് സെല്ലിൽ ജോലി നോക്കുന്നവരിൽ ആർക്കുംതന്നെ നിശ്ചിത യോഗ്യത ഇല്ലാത്തവരെ ചാക്ക, ചന്ദനത്തോപ്പ്, കളമശ്ശേരി ഐ.ടി.ഐ.കളിലെ സി.ഒ.ഇ അഡ്വാൻസ്ഡ് മോഡ്യൂളിൽ നിയമിക്കപ്പെടുവാൻ യോഗ്യരായി കാണിന്നില്ല. എന്നാൽ വിവിധ സ്ഥാപനങ്ങളിൽ വിവിധ ട്രെയിഡുകളിൽ ഇൻസ്ട്രക്ടർ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതിനാലും അഫിലിയേഷൻ ലഭിക്കാനുള്ളതിനാലും സുഗമമായ ട്രെയിനിംഗ് നിർവ്വഹിക്കപ്പെടേണ്ടതിനാലും ഒഴിവുള്ള തസ്തികകളിൽ ഇ.എം.ഡബ്ളിയൂ.യിൽ നിന്നും എം.എം സെല്ലിൽ നിന്നും യോഗ്യരായ ഇൻസ്ട്രക്ടർമാരെ ട്രെയിഡിലേയ്ക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ മാറ്റി നിയമിക്കപ്പെടേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരെ താഴെപ്പറയുന്ന വിധത്തിൽ മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം | ഇൻസ്ട്രക്ടർമാരുടെ പേര് | യോഗ്യത | മാറ്റി നിയമിക്കുന്ന ട്രേഡ് | നിയമനം നൽകുന്ന സ്ഥാപനം |
|---|---|---|---|---|
| 1 | കെ.റ്റി.പീതാംബരൻ, ഐ.ടി.ഐ.ഏറ്റുമാനൂർ (എം.എം.സി/ഇ.എം.ഡബ്ളിയൂ) | ഡിപ്ലോമ ഇൻ മെക്കാനിക്കൽ എൻജിനീയറിംഗ് | സി.ഒ.ഇ അഡ്വാൻസ്ഡ് വെൽഡിംഗ് | ഏറ്റുമാനൂർ ഐ.ടി.ഐ |
| 2 | കെ.ആർ.സുനിൽകുമാർ ഐ.ടി.ഐ.ഏറ്റുമാനൂർ (എം.എം.സി/ഇ.എം.ഡബ്ളിയൂ) | ” | ഫിറ്റർ ട്രെയിഡ് | ചെങ്ങന്നൂർ ഐ.ടി.ഐ |
| 3 | രാജു ജോസഫ് ഐ.ടി.ഐ.ഏറ്റുമാനൂർ (എം.എം.സി/ഇ.എം.ഡബ്ളിയൂ) | എൻ.റ്റി.സി ഇലക്ട്രീഷ്യൻ | ഇലക്ട്രീഷ്യൻ ട്രെയിഡ് (ഒഴിവ്) | ഏറ്റുമാനൂർ ഐ.ടി.ഐ |
| 4 | സാർത്തോ ജോസ് ഐ.ടി.ഐ.കളമശ്ശേരി (എം.എം.സി/ഇ.എം.ഡബ്ളിയൂ | ഡിപ്ലോമ ഇൻ മെക്കാനിക്കൽ എൻജിനീയറിംഗ് | സർവ്വീസ് ആന്റ് മെയിന്റനൻസ് ഓഫ് ഡീസൽ മെക്കാനിക്ക് | കളമശ്ശേരി ഐ.ടി.ഐ |
| 5 | പി.പി.വിൻസെന്റ് ഐ.ടി.ഐ.കളമശ്ശേരി (എം.എം.സി/ഇ.എം.ഡബ്ളിയൂ | എൻ.റ്റി.സി ഫിറ്റർ | ഫിറ്റർ ട്രെയിഡ് (ഒഴിവ്) | ചാലക്കുടി ഐ.ടി.ഐ |
| 6 | കെ.ഗോപിനാഥൻ ഐ.ടി.ഐ.മലമ്പുഴ (എം.എം.സി/ഇ.എം.ഡബ്ളിയൂ) | എൻ.റ്റി.സി ബ്ളാക്ക്സ്മിത്ത് | വെൽഡൽ ട്രെയിഡ് (ഒഴിവ്) | കൊല്ലംങ്കോട് ഐ.ടി.ഐ |
| 7 | ബി.ഹരിലാൽ ഐ.ടി.ഐ.ചാക്ക (എം.എം.സി/ഇ.എം.ഡബ്ളിയൂ) | ബി.ടെക് മെക്കാനിക്കൽ എൻജിനീയറിംഗ് | ഫിറ്റർ ട്രെയിഡ് | ധനുവച്ചപുരം ഐ.ടി.ഐ (ഒഴിവ്) |
| 8 | എസ്.ബാബുരാജൻ ഐ.ടി.ഐ.ചാക്ക (എം.എം.സി/ഇ.എം.ഡബ്ളിയൂ) | ഡിപ്ലോമ ഇൻ മെക്കാനിക്കൽ എൻജിനീയറിംഗ് | ഫിറ്റർ ട്രെയിഡ് | ആറ്റിങ്ങൽ ഐ.ടി.ഐ (ഒഴിവ്) |
| 9 | എസ്.വി.മാക്സ്‌വൽ ഐ.ടി.ഐ.ചാക്ക (എം.എം.സി/ഇ.എം.ഡബ്ളിയൂ) | എൻ.ടി.സി ഇലക്ട്രീഷ്യൻ | ഇലക്ട്രീഷ്യൻ ട്രെയിഡ് | ധനുവച്ചപുരം ഐ.ടി.ഐ (ഒഴിവ്) |
| 10 | പി.ജയരാജൻ ഐ.ടി.ഐ.കോഴിക്കോട് (എം.എം.സി/ഇ.എം.ഡബ്ളിയൂ) | ഡിപ്ലോമ ഇൻ മെക്കാനിക്കൽ എൻജിനീയറിംഗ് | വെൽഡർ ട്രെയിഡ് | കോഴിക്കോട് ഐ.ടി.ഐ (ഒഴിവ്) |
| 11 | മനോജ്കുമാർ.ടി ഐ.ടി.ഐ.കോഴിക്കോട് (എം.എം.സി/ഇ.എം.ഡബ്ളിയൂ) | ഡിപ്ലോമ ഇൻ മെക്കാനിക്കൽ എൻജിനീയറിംഗ് | സി.ഒ.ഇ (അഡ്വാൻസ്ഡ് മോഡ്യൂൾ) | ഐ.ടി.ഐ. ചാലക്കുടി (ഒഴിവ്) |
| 12 | കൃഷ്ണൻ.വി ഐ.ടി.ഐ.കോഴിക്കോട് (എം.എം.സി/ഇ.എം.ഡബ്ളിയൂ) | ഡിപ്ലോമ ഇൻ മെക്കാനിക്കൽ എൻജിനീയറിംഗ് | സി.ഒ.ഇ (അഡ്വാൻസ്ഡ് മോഡ്യൂൾ) | ഐ.ടി.ഐ. ചാലക്കുടി (ഒഴിവ്) |
| 13 | ജോസി.കെ.ജെ ഐ.ടി.ഐ.കളമശ്ശേരി (എം.എം.സി/ഇ.എം.ഡബ്ളിയൂ) | എൻ.ടി.സി ഇലക്ട്രീഷ്യൻ | ഇലക്ട്രീഷ്യൻ | ഐ.ടി.ഐ. ചെങ്ങന്നൂർ (ഒഴിവ്) |

ഈ നിയമനം താൽക്കാലികമായിരിക്കും. സെന്റർ ഓഫ് എക്സലൻസിലെ തസ്തികകളിലേയ്ക്ക് സ്പെഷ്യൽ റൂൾ പ്രകാരം സ്ഥിരനിയമനം നടക്കുന്ന മുറയ്ക്ക് ഈ ഉദ്യോഗസ്ഥരെ സൗകര്യപ്രദമായി നിയമിക്കുന്നതായിരിക്കും. E.M.W/M.M.Cell.കളിൽ നിന്നും സെന്റർ ഓഫ് എക്സലൻസിലെ 17 തസ്തികകളിലേയ്ക്ക് പൂർണ്ണമായും മാറ്റി നിയമിക്കപ്പെടാൻ കഴിയാത്തതിനാൽ ഒഴിവുള്ള തസ്തികകളിൽ പ്രത്യേകം നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സ്ഥലംമാറ്റപ്പെടുന്ന ഉദ്യോഗസ്ഥർക്ക് ദിനബത്ത, യാത്രാബത്ത, സേവനത്തിൽ പ്രവേശിക്കുന്നതിനുള്ള കാലയളവ് എന്നിവയ്ക്ക് നിയമാനുസൃതം അർഹത ഉണ്ടായിരിക്കുന്നതാണ്.

ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ഉത്തരവ് നടപ്പാക്കി അടിയന്തിരമായി ടി വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്
ട്രെയിനിംഗ് ഡയറക്ടർ

ഉദ്യോഗസ്ഥർക്ക്

***പകർപ്പ്:-***

(1) പ്രിൻസിപ്പാൾ, ഐ.ടി.ഐ. ഏറ്റുമാനൂർ/കളമശ്ശേരി/മലമ്പുഴ/ചാക്ക/കോഴിക്കോട്/ചാലക്കുടി/മാള/ചെങ്ങന്നൂർ/കൊല്ലങ്കോട്/ധനുവച്ചപുരം/ആറ്റിങ്ങൽ
(2) ഡി.റ്റി, എ.ഡി.റ്റി, ജെ.ഡി.റ്റി എന്നിവരുടെ സി.എ.മാർക്ക്.
(3) എസ്.എസ്(എ)
(4) കരുതൽ ഫയൽ (എ)

//ഉത്തരവിൻ പ്രകാരം//

ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്

ആർ:ഇ. 31/1/12